# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2022 ജനുവരി 18

# വാർത്താക്കുറിപ്പ്

## ഡോ. രാജു താടിക്കാരൻ അന്തരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല രാജ്യാന്തര പഠനവിഭാഗം മേധാവിയും അദ്ധ്യാപകനുമായിരുന്ന ഡോ. രാജു കെ. താടിക്കാരൻ (66) അന്തരിച്ചു. കോട്ടയത്ത് സ്വകാര്യ ആശുപത്രിയിൽ ചൊവ്വാഴ്ച്ച വെളുപ്പിനായിരുന്നു അന്ത്യം. മൂന്നു പതിറ്റാണ്ടിന്റെ സേവനത്തിനു ശേഷം 2016-ൽ ആയിരുന്നു സർവകലാശാലയിൽ നിന്നും ഡോ.താടിക്കാരൻ വിരമിച്ചത്. സർവ്വകലാശാലയിൽ യൂജിസി സഹായത്തോടെ ആരംഭിച്ച 'സമകാലിക ചൈനീസ് പഠന' വിഭാഗത്തിന്റെ സ്ഥാപക ഡയറക്ടറുമായിരുന്നു അദ്ദേഹം.

സർവ്വകലാശാലയിലെ അന്തർദേശീയ സഹകരണ കേന്ദ്രം സ്ഥാപക ഡയറക്ടർ, പബ്ലിക് പോളിസി ആൻഡ് ഗവർണൻസ് കോ-ഓർഡിനേറ്റർ, സെനറ്റ് അക്കാഡമിക് കൗൺസിൽ അംഗം, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ചൈനയിലെ ജിനാൻ നാഷണൽ സർവ്വ കലാശാലയിലും കാനഡയിലെ മക്ഗിൽ സർവ്വകലാശാലയിലും വിസിറ്റിംഗ് ഫെല്ലോ ആയും അമേരിക്ക, ദക്ഷിണ കൊറിയ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ വിവിധ അക്കാഡമിക് സംരംഭങ്ങളിലും ഡോ. താടിക്കാരൻ സഹകരിച്ച് പ്രവർത്തിച്ചിട്ടുണ്ട്.

ബൗദ്ധിക സ്വത്തവകാശം, അന്താരാഷ്ട്ര സാങ്കേതികവിദ്യാ കൈമാറ്റം, ചൈനീസ് രാഷ്ട്രീയവും വിദേശകാര്യവും, ഉന്നതവിദ്യാഭ്യാസ മേഖലയിലെ രാജ്യാന്തരവൽക്കരണം തുടങ്ങിയ മേഖലകളിലെ ഗവേഷണ പദ്ധതികളില് അദ്ദേഹത്തിൻറെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. കൂടാതെ നിരവധി ഗവേഷണ പ്രബന്ധങ്ങളും അദ്ദേഹത്തിൻറേതായിട്ടുണ്ട്. യൂ ജി സി, ഐ.സി.എസ്.എസ്.ആർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ചു നിരവധി പ്രൊജെക്ടുകൾ ഡോ. താടിക്കാരൻ അവതരിപ്പിച്ചു. മഹാത്മാഗാന്ധി സർവകലാശാല അധ്യാപക സംഘടനയുടെ പ്രസിഡന്റായിരുന്ന ഡോ.താടിക്കാരൻ അന്താരാഷ്ട്ര വിദ്യാഭ്യാസ സഹകരണത്തിനുള്ള നിരവധി സമ്മേളനങ്ങളിൽ പ്രതിനിധിയായിരുന്നു.

കോട്ടയം ചിലമ്പത്തു കുടുംബാംഗമായ ഷേർളി ആണ് പത്നി. പാരിസിലെ നിയമകാര്യ വിദഗ്ധനായ മനു താടിക്കാരൻ മകൻ. ജോളി താടിക്കാരൻ (ദില്ലി), ജോഷി താടിക്കാരൻ (ജനീവ), മിനി, മോളി, ഷീല, സോഫി എന്നിവർ സഹോദരങ്ങൾ.

ഭൗതിക ശരീരം വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം കോട്ടയത്തെ വീട്ടിൽ എത്തിക്കും. സംസ്കാരം വെള്ളിയാഴ്ച വൈകുന്നേരം 4.30 നു തൃശൂർ വെണ്ണൂർ-അന്നമനട സെൻറ് മേരിസ് പള്ളിയിൽ.

(പി.ആർ.ഒ./39/80/2022)

## പരീക്ഷ ഫെബ്രുവരി 1 മുതൽ

അഞ്ചാം സെമസ്റ്റർ ബി.വോക്. (2019 അഡ്മിഷൻ - റെഗുലർ - പുതിയ സ്കീം) പരീക്ഷകൾ ഫെബ്രുവരി ഒന്നിന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 21 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 22 നും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 24 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫലം

2021 നവംബറിൽ നടന്ന ഒന്നാം വർഷ ബി.എസ് സി. നേഴ്സിങ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷ 160 രൂപ ഫീസ് സഹിതം ജനുവരി 31 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/82/2022)

2021 സെപ്റ്റംബറിൽ നടന്ന മൂന്ന്, നാല് വർഷ ബി.എസ് സി. - നഴ്സിംഗ് (2003 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനപരിശോധനയ്ക്കും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ജനുവരി 31 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/83/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ